തോട്ടം തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾ

* 59 [101] ശ്രീ. ഇ. പത്മനാഭൻ:
,, എം. ജിനദേവൻ:
,, ഒ. ഭരതൻ:
,, സി.ടി. കൃഷ്ണൻ:
,, ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധയിനത്തിൽപ്പെട്ട തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ചുള്ള അവകാശപത്രിക സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ അനുവദിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) അവകാശ പത്രികകളിൽ പറഞ്ഞിരിക്കുന്ന ഡിമാൻറുകൾ പ്ലാൻേറഷൻ ലേബർ കമ്മിറ്റി പരിഗണിക്കേണ്ടതും, അതിൽ കമ്മിറ്റിയിൽ തീരുമാനമെടുക്കാൻ സാധിക്കാത്ത ഡിമാൻറുകൾ ഗവൺമെൻറ് പരിഗണിക്കുന്നതും ആണ്.

സപ്ലൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി

* 60 [102] ശ്രീ. രമേശ് ചെന്നിത്തല:
,, പി.പി. തങ്കച്ചൻ:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം സപ്ലൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുവാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് കേന്ദ്ര ഗവൺമെൻറ് ഐ.ആർ.ഡി.പി സംബന്ധിച്ച് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണോ;

(സി) ഈ കാര്യം ഏത് ഘട്ടത്തിലായിരുന്നു;

(ഡി) സൊസൈറ്റിയുടെ ലക്ഷ്യമെന്താണ്?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെൻറ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണ്.

(സി) സൊസൈറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly